## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3502

08.11.2019-ൽ മറുപടിയ്ക്ക്

### പുതിയ പോളിടെക്നിക് കോളേജുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.വി. അൻവർ | | ഡോ. കെ. ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതിയ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ നടുവിൽ, തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, കോഴിക്കോട് ജില്ലയിലെ മുക്കം, വയനാട് ജില്ലയിലെ മാനന്തവാടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ സ്ഥലങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് AICTE അംഗീകാരം ലഭ്യമായിട്ടില്ല. അതോടൊപ്പം കണ്ണവം, താനൂർ, കുറ്റിപ്പുറം, കൊന്നത്തടി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് |

| | | | |
|---|---|---|---|
| | | | കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | അഞ്ച് ഏക്കർ സ്ഥലം/ഭൂമി സൗജന്യമായി സർക്കാരിന് ലഭ്യമാക്കിയാൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ പോളിടെക്നിക്ക് കോളേജിന് അനുമതി നൽകുമോ; വിശദമാക്കാമോ; | (ബി , (സി) & ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജോ എഞ്ചിനീയറിംഗ് കോളേജോ ഇല്ലായെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ഗവൺമെൻറ്/സഹകരണ മേഖലകളിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | നിലമ്പൂർ താലൂക്കിൽ സർക്കാർ മേഖലയിൽ പോളിടെക്നിക്ക് കോളേജോ, എഞ്ചിനീയറിംഗ് കോളേജോ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ സഹകരണ മേഖലയിൽ പോളിടെക്നിക്ക് കോളേജിന് അനുമതി നൽകുമോ; വിശദമാക്കാമോ? | | |

Manoj M

സെക്ഷൻ ഓഫീസർ